(ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. നിലയ്ക്കലിൽ വിശ്രമപന്തൽ, 400 ലാട്രിനുകൾ, കുടിവെള്ള ശൃംഖല, കുടിവെള്ള സംഭരണികൾ, പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ, ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും താമസസൗകര്യങ്ങൾക്കായി 3 ബഹുനില കെട്ടിടങ്ങൾ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി പമ്പയിലും നിലയ്ക്കലിലും 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ, പള്ളിക്കുളം നവീകരണം പാർക്കിംഗ് ഗ്രൗണ്ടുകൾ എന്നിവ ചെയ്തിട്ടുണ്ട്. പമ്പയിൽ വിശ്രമപന്തൽ ഗാർബേജ് ഷെഡ്, അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്റർ പമ്പയിൽ 160 ലാട്രിനുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമകേന്ദ്രം ചന്ദ്രാനന്ദൻ റോഡ് വികസനം അപ്പാച്ചിമേട്ടിലും നീലിമലഭാഗത്തും 4 സ്ഥലങ്ങളിൽ മേൽക്കൂര എന്നിവ ചെയ്തിട്ടുണ്ട്. ശബരിമലയിൽ 3200 ലാട്രിനുകൾ 80 കുളിമുറികൾ 20 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ, സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ലൈ ഓവറിൽ മേൽക്കൂര ഇൻസിനറേറ്റർ എന്നിവ പൂർത്തിയാക്കി. കൂടാതെ ക്യൂ കോംപ്ലക്സ്, നെയ്യഭിഷേകം കൗണ്ടർ, പ്രസാദ മണ്ഡപം സ്വീവേജ് പ്ലാന്റുകൾ എന്നിവയുടെ നിർമ്മാണം, പരമ്പരാഗത പാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും വിപുലീകരണം, കാനനപാതയിൽ മേൽക്കൂര നിലയ്ക്കൽ ക്ഷേത്ര വികസനം പാർക്കിംഗ് സൗകര്യങ്ങളുടെ വിപുലീകരണം എന്നിവയ്ക്കും മുൻതൂക്കം നൽകുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന മരാമത്തു വിഭാഗമാണ്.

(ഡി) 3-5-2007-ലാണ് മാസ്റ്റർ പ്ലാന് അംഗീകാരം നൽകിയത്. എല്ലാ വർഷവും തുക ദേവസ്വം ബോർഡിന്റെ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നു. തൽവർഷം 20 കോടി രൂപയാണ് ബോർഡ് വകകൊള്ളിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 2015-നു മുമ്പും രണ്ടാം ഘട്ടം 2050നു മുമ്പുമായി പൂർത്തിയാക്കാനുള്ള ശ്രമമാണ് നടന്നുവരുന്നത്.

(ഇ) ഫണ്ട് സ്വരൂപിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തോടെ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ശബരിമല മാസ്റ്റർ പ്ലാനിന്റെ പുരോഗതി

245 (2003) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിശദീകരിക്കുമോ ;

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ; ഇവയ്ക്ക് വകയിരുത്തിയ തുകയും, ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ്. നിലയ്ക്കലിൽ വിശ്രമപന്തൽ 400 ലാട്രിനുകൾ, കുടിവെള്ള ശൃംഖല, കുടിവെള്ള സംഭരണികൾ, പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ/പോലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥർക്ക് താമസസൗകര്യങ്ങൾക്കുള്ള 3 ബഹുനില കെട്ടിടങ്ങൾ, ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ, പള്ളിക്കുളം നവീകരണം പാർക്കിംഗ് ഗ്രൗണ്ടുകൾ എന്നിവ ചെയ്തിട്ടുണ്ട്. പമ്പയിൽ വിശ്രമപന്തൽ, ഇൻസിനറേറ്റർ, ഗാർബേജ് ഷെഡ്, അപ്പാച്ചിമേട്ടിലും, നീലിമലയിലും കാർഡിയോളജി സെന്റർ, പമ്പയിൽ 160 ലാട്രിനുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമസങ്കേതം, ചന്ദ്രാനന്ദൻ റോഡ് വികസനം, അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര എന്നിവ ചെയ്തിട്ടുണ്ട്. കൂടാതെ ശബരിമലയിൽ 3200 ലാട്രിനുകൾ, 80 ബാത്ത്റൂമുകൾ എന്നിവ നിർമ്മിച്ചു. 20 ലക്ഷം ലിറ്റർ ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണികൾ, സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിനു മുകളിൽ മേൽക്കൂര, ശബരിമലയിൽ ഇൻസിനറേറ്റർ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്പ്വേ നിർമ്മാണം, അന്നദാന മണ്ഡപത്തിന്റെ നിർമ്മാണം, പ്രസാദ മണ്ഡപത്തിന്റെ നിർമ്മാണം, പരമ്പരാഗത പാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും വിപുലീകരണം, കാനനപാതയിൽ മേൽക്കൂര നിർമ്മാണം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കൽ ക്ഷേത്രവികസനം, പാർക്കിംഗ് സൗകര്യങ്ങളുടെ വിപുലീകരണം എന്നിവയ്ക്കും മുൻതൂക്കം നൽകുന്നു. നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപയാണ്. മാസ്റ്റർ പ്ലാനിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ സൗകര്യം

246 (2004) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല മണ്ഡലകാലം പ്രമാണിച്ച് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നീ തീർത്ഥാടന കേന്ദ്രങ്ങളിൽ അയ്യപ്പ ഭക്തർക്കായി എന്തെല്ലാം സേവനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

കുളത്തൂപ്പുഴയിൽ പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തി. കൂടുതൽ ലൈറ്റുകൾ ഉൾപ്പെടെ ഇലക്ട്രിഫിക്കേഷൻ പണികൾ ചെയ്തു. കൂടുതൽ സ്റ്റോറേജ് ടാങ്കുകളും ടാപ്പുകളും സ്ഥാപിക്കുന്നതുൾപ്പെടെയുള്ള വാട്ടർ സപ്ലൈയുടെ അറ്റകുറ്റപ്പണികൾ ചെയ്തു. ശുദ്ധജല വിതരണം കാര്യക്ഷമമാക്കി. ക്ഷേത്ര സമുച്ചയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്തു. മാലിന്യങ്ങൾ മാറ്റാനുള്ള ഏർപ്പാടുകൾ ചെയ്ത് ശുചീകരണം മെച്ചപ്പെടുത്തി. ആര്യങ്കാവ് ദേവസ്വത്തിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാൻ കൂടുതൽ വാട്ടർ ടാങ്കും ടാപ്പുകളും സ്ഥാപിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു. നിലവിലുള്ള ടോയ്ലെറ്റ് ബ്ലോക്ക്, ക്യാമ്പ് ഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ഇലക്ട്രിഫിക്കേഷൻ പണികൾ ചെയ്യുകയും കുളിക്കടവുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തു.